രക്ഷയുടെ പാതയിൽ-൧



൧

# സഭ ആരാധന സമൂഹം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം



1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 7

# വിശുദ്ധകുർബാന

# ദൈവവാക്യശുശ്രൂഷയും സമാപനവും





# ധൂർത്ത പുത്രൻ



1. അനുരഞ്ജനശുശ്രുഷ
2. വിഭജനശുശ്രൂഷ
3. ദൈവൈക്യശുശ്രൂഷ
4. സമാപനശുശ്രൂഷ

# അനുരഞ്ജനശുശ്രൂഷ

- ദൈവൈക്യത്തിലേക്കു നമ്മെ നയിക്കുന്ന അനുരഞ്ജനം നേടാൻ വിശുദ്ധ കുർബാന സ്വീകരണത്തിന് മുമ്പുള്ള അനുരഞ്ജന ശുശ്രൂഷ നമ്മെ സഹായിക്കുന്നു.

"സ്വർഗവാസികളുടെ സമാധാനവും..." എന്ന രഹസ്യ പ്രാർത്ഥനയോടും, തുടർന്നുവരുന്ന "ദൈവമേ എന്നോട് കരുണതോന്നണമേ..." എന്ന അനുതാപ സങ്കീർത്തനത്തോടുംകൂടി അനുഞ്ജനശുശ്രൂഷ ആരംഭിക്കുന്നു. ഈ സമയത്തു നടത്തുന്ന ധൂപാർപ്പണം നമ്മെ പാപമോചനത്തിലേക്കു നയിക്കുന്നു.



# വിഭജനശുശ്രൂഷ

❖ തുടർന്നുവരുന്ന വിഭജനശുശ്രൂഷ വിശുദ്ധ കുർബാന യുടെ പാപമോചക സ്വഭാവം വ്യക്തമാക്കുന്ന ഒരു കർമ്മമാണ്.





## നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും....

- ഈ പ്രാർത്ഥനയോടുകൂടി വിഭജനശുശ്രൂഷ അവസാനിക്കുന്നു. മിശിഹായുടെ കൃപയും പിതാവിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നമുക്കു, സ്വർഗീയ ജീവിതത്തിന്റെ അനുഭവം നൽകുന്നു.



# അനുരഞ്ജന കാറോസൂസ

❖ നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ... എന്നു തുടങ്ങുന്ന കാറോസൂസ വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള അടുത്ത ഒരുക്കമാണ്.

**വിശുദ്ധ കുർബാനയുടെ**
**സ്വീകരണത്തിന് ഒരുക്കമായി**
**ചെയ്യേണ്ടവ:**

**മനസ്സാക്ഷി നിർമ്മലമാക്കണം**
**ഭിന്നത നീക്കണം കലഹം മാറ്റണം**
**ശത്രുത കൈവെടിയണം ദ്വേഷം മാറ്റണം**
**യോജിപ്പു വേണം സ്നേഹാരൂപി**
**ഉണ്ടാകണം ഭക്തിവേണം.**

# ദൈവൈക്യശുശ്രൂഷ

- ദൈവൈക്യശുശ്രൂഷയുടെ പ്രധാനഘടകം വിശുദ്ധ കുർബാന സ്വീകരണവും അതുവഴി ലഭ്യമാകുന്ന ദൈവൈക്യവുമാണ്.

## സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ....

- പ്രലോഭനത്തിൽ ഉൾപ്പെടുത്താതിരിക്കുവാൻ ദൈവത്തിന്റെ സഹായം പ്രത്യേകമായി യാചിച്ചുകൊണ്ടാണ് കാർമികൻ തുടർന്നു പ്രാർത്ഥിക്കുന്നത്.
- ജീവന്റെ അപ്പമായ മിശിഹായുടെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ഓരോ വ്യക്തിയും തന്റെ ഹൃദയത്തിലേക്ക് മിശിഹായെ നാഥനായി സ്വീകരിക്കുന്നു. ആരാധനാസമൂഹത്തിലെ ഓരോരുത്തർക്കും ഈ അനുഭവം ലഭ്യമാകട്ടെ എന്നാണ് ഈ സമാധാനാശംസ അർത്ഥമാക്കുന്നത്.

# വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള ആഹ്വാനം


❖ ജീവന്റെ അപ്പമായ മിശിഹായുടെ തിരുശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ഓരോ വ്യക്തിയും തന്റെ ഹൃദയത്തിലേക്ക് മിശിഹായെ നാഥനായി സ്വീകരിക്കുന്നു. ആരാധനാസമൂഹത്തിലെ ഓരോരുത്തർക്കും ഈ അനുഭവം ലഭ്യമാകട്ടെ എന്നാണ് ഈ സമാധാനാശംസ അർത്ഥമാക്കുന്നത്.



# ത്രിത്വൈക ദൈവത്തിന്റെ

# പരിശുദ്ധിയിൽ പങ്കുപറ്റുന്നു.

- വിശുദ്ധ കുർബാന വിശുദ്ധർക്കുള്ളതാകുന്നു എന്ന ഉദ്ബോധനം വിശുദ്ധ കുർബാനയുടെ സ്വീകരണത്തിലൂടെ നാം പരിശുദ്ധനായ പിതാവിനോടും പരിശുദ്ധനായ പുത്രനോടും പരിശുദ്ധനായ റൂഹായോടുമാണ് ബന്ധപ്പെടുന്നതെന്നും അതുവഴി നാം ദൈവിക പരിശുദ്ധിയിൽ പങ്കുചേരുകയാണെന്നും നമ്മെ അനുസ്മരിപ്പിക്കുന്നു.




# വിശുദ്ധകുർബാന സ്വീകരണം

❖ അവിടുത്തെ കൃപയാണ് നമ്മെ ദിവ്യകാരുണ്യ സ്വീകരണത്തിനു യോഗ്യരാക്കുന്നത്. ഈ കൃപയ്ക്കായി ഹൃദയത്തിൽ പ്രാർത്ഥിച്ചു കൊണ്ടുവേണം വിശുദ്ധകുർബാന സ്വീകരിക്കുവാൻ. അവിടുത്തെ തിരു ശരീരരക്തങ്ങൾ സ്വീകരിക്കുന്നത് വിശുദ്ധ കുർബാനാനുഭവത്തിന്റെ പൂർണതയ്ക്ക് ആവശ്യമാണ്



# വിശുദ്ധ കുർബാനയുടെ ഫലങ്ങൾ

- വിശുദ്ധകുർബാന വിരുന്നും ബലിയുമാണ്. ഇത് പാപമോചനവും കടങ്ങളുടെ പൊറുതിയും ദൈവീക ജീവനും നൽകുന്നു. മരിച്ചവരുടെ ഉത്ഥാനത്തിലുള്ള പ്രത്യാശയും സ്വർഗത്തിൽ നവമായ ജീവിതവും നമുക്ക് വാഗ്ദാനം ചെയ്യുന്നു. ഇത് രക്ഷയുടെ അനുഭവം പ്രദാനം ചെയ്യുന്നു. തന്നിമിത്തം വിശുദ്ധകുർബാന ക്രൈസ്തവ ജീവിതത്തിന്റെ കേന്ദ്രമാണ്.



# സമാപനശുശ്രൂഷ

❖ ദൈവത്തിന്റെ അവർണനീയ ദാനമായ വിശുദ്ധ കുർബാനയ്ക്കായി സമൂഹവും ശുശ്രൂഷികളും കാർമികനും പ്രത്യേകം പ്രത്യേകം സമർപ്പിക്കുന്ന കൃതജ്ഞതാപ്രാർത്ഥനകളാണ് സമാപനശുശ്രൂഷയുടെ പ്രധാന ഉള്ളടക്കം. കർതൃപ്രാർത്ഥന (ആഘോഷമായ ക്രമത്തിൽ), സമാപനാശീർവാദം, വിടവാങ്ങൽ പ്രാർത്ഥന, ബലിപീഠചുംബനം എന്നിവയാണ് ഈ ഭാഗത്തെ ഇതര കർമങ്ങളും പ്രാർത്ഥനകളും.

# കൃതജ്ഞതാപ്രാർത്ഥനകൾ


❖ വിശുദ്ധ കുർബാനയിലൂടെ സ്വർഗ്ഗത്തിന്റെ മുന്നാസ്വാദനം ലഭിച്ച ആരാധനാ സമൂഹം യുഗാന്ത്യത്തിലും സ്വർഗീയ ജീവിതത്തിലും പ്രത്യാശ അർപ്പിച്ചുകൊണ്ട് കൃതജ്ഞതാപ്രാർത്ഥനകളിലൂടെ കർത്താവിന് സ്തോത്രം ചെയ്യുന്നു. ജീവദായകമായ ഈ ബലിയിൽ പങ്കുചേരാൻ യോഗ്യമാക്കിയതിനു നന്ദി പറയുന്നതോടൊപ്പം ബലിയർപ്പണത്തിന്റെ ഫലങ്ങളായ പാപമോചനവും ഉയിർപ്പും സ്വർഗ്ഗത്തിൽ നവജീവിതവും ലഭിക്കുന്നതിനായി പ്രർത്ഥിക്കുകയും ചെയ്യുന്നു.

## കർതൃപ്രാർത്ഥന

ഈ സമയത്ത് കർതൃപ്രാർത്ഥന ചൊല്ലുന്നുങ്കിൽ അതിലൂടെ ഈശോയോട് ഒന്നായ്ത്തീർന്ന ആരാധനാസമൂഹം സ്വർഗ്ഗീയപിതാവിനെ ആനന്ദവായ്പോടെ സ്തുതിക്കുകയാണു ചെയ്യുന്നത്.

## 2. സമാപനാശീർവാദം

- തുടർന്നുള്ള ജീവിതത്തിൽ വാക്കിലൂടെയും പ്രവർത്തിയിലൂടെയും ദൈവവചനത്തിനു സാക്ഷികളാകുവാനുള്ള ആശീർവാദമാണ് ഈശോ ഇതുവഴി നൽകുന്നത്.





## 3. ബലിപീഠം ചുംബിക്കുന്നു

❖ കർത്താവിന്റെ കബറിടവും നമ്മുടെ വിശുദ്ധീകരണത്തിന്റെ വേദിയുമായ ബലിപീഠം ചുംബിച്ചുകൊണ്ട് അതിനോടു വിടപറയുന്ന പ്രാർത്ഥന കാർമികൻ ചൊല്ലുന്നു.



# ദൈവവചനം

# വായിക്കാം, ധ്യാനിക്കാം

(യോഹ. 6:48-59)



## ഓർമ്മിക്കാൻ ഒരു തിരുവചനം

"എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു നിത്യജീവനു്

(യോഹ.6:54).

# നമുക്കു പ്രാർത്ഥിക്കാം

**തന്റെ ശരീരരക്തങ്ങളാൽ ഞങ്ങളെ പരിപോഷിപ്പിച്ച ഈശോയേ, അങ്ങയുടെ നിത്യവിരുന്നിന് ഞങ്ങളെയും യോഗ്യരാക്കണമേ.**

# എന്റെ തീരുമാനം

**വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോഴെല്ലാം ഞാൻ ദിവ്യകാരുണ്യം സ്വീകരിക്കും.**

## സഭാപിതാക്കന്മാർ പറയുന്നത്

ഈജിപ്തിൽവച്ച് ഇസ്രായേൽ ജനം കുഞ്ഞാടിനെ ഭക്ഷിച്ചു. അതിന്റെ പ്രതീകം അവരെ വിശുദ്ധീകരിച്ചു. അങ്ങനെയെങ്കിൽ സത്യകുഞ്ഞാട് എത്രയധികമായി ജനതകൾക്ക് വിശുദ്ധീകരണം നല്കുകയില്ല (മാർ അപ്രേം).

Thank you